
# ഇ സ്ലേറ്റ്













by

little KITEs

ഗവ മോഡൽ എച്ച് എസ്സ് എസ്സ്

പുന്നമൂട്





# MESSAGE



സാങ്കേതികവിദ്യയിലൂടെ അറിവിന്റെ മായാകാഴ്ചകൾ പരിശീലിക്കുന്ന ലിറ്റിൽ കൈറ്റ്സിലെ വിദ്യാർഥികളുടെ നവസംരംഭമായ ഈ മാസികയ്ക്ക് എല്ലാവിധ ആശംകളും നേരുന്നു.

ANITHA V V

Headmistress

# MESSAGE



പുന്നമൂട് ഗവ മോഡൽ ഹയർസെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സിലെ കൊച്ചുകുട്ടുകാർ ഒരു ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട കേരള ഗവൺമെന്റ് നമ്മുടെ സ്കൂളിനെയും ഹൈടെക് ആക്കിയപ്പോൾ അതിന്റെ നേട്ടം നമ്മുടെ കുട്ടികൾക്കും പ്രാപ്യമായി എന്നത് വളരെ അഭിനന്ദനാർഹമാണ്. ഈ സംരംഭത്തിൽ പ്രവർത്തിച്ച ഏവരെയും അനുമോദിക്കുന്നു. ഇതിലൂടെ നേടിയെടുത്ത നൈപുണികൾ വ്യക്തിത്വ വികസനത്തിനും പുതുയുഗത്തിലെ നല്ല ജീവിതത്തിനും സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

ROBIN JOSE R J

Principal

| | |
|---|---|
| Chief Editor | – Anitha V V |
| PTA President | – Adv Udayakumar |
| PTA Vice President | – Sajai kumar |
| MPTA President | – Praveena P Nair |
| Staff Editor | – Jancy Jose |
| Student Editor | – Megha s kumar |
| SRG convenor | – Rajitha M S |
| Staff secretary | – Reji M R |
| Kite Mistresses | – Indulekha G L |
| | Sobha stephen |
| Little kite leaders | – Sivakrishna S |
| | Karthik S L |

Cover page design – Littlekites 2018 and Parthip P P(9A)

# Editorial

സർഗ്ഗ സൃഷ്ടികൾ വിവരസാങ്കതിക വിദ്യയിലൂടെ – പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കാർവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാകുന്നതിന് ക്ലാസ് മുറികളെ ഹൈടെക് ആക്കി മാറ്റി. വിദ്യാർഥികളിലെ മികവ് തെളിയിക്കുന്നതിനായി ധാരാളം നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. വിദ്യയിലെ വിവിധതലങ്ങളിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുന്നതിനു വേണ്ടി ഐ ടി അറ്റ് സ്കൂൾ ആവിഷ്കരിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് . ലിറ്റിൽ കിറ്റ്സ്‌ലെ അംഗങ്ങൾ തയാറാക്കിയ ആദ്യ ഇ മാഗസിൻ ആണ് ഇ സ്ലേറ്റ് . കൊച്ചു കൂട്ടുകാരുടെ സാഹിത്യ സൃഷ്ടികളും സ്കൂളിലെ പ്രവർത്തനങ്ങളും ഈ മാഗസീനിയൽ ഉള്ളടക്കം ചെയ്തിട്ടുണ്ട് . നാളെയുടെ വാഗ്ദാനങ്ങൾക്കു മാനസിക ബൗദ്ധിക സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്ന സൃഷ്ടികൾ മെച്ചപ്പെട്ട രീതിയിൽ തയാറാക്കാൻ ആവശ്യമായ പിന്തുണ നമുക്ക് നൽകാം . കുട്ടികളുടെ ആദ്യ സംരംഭം എന്ന നിലയിൽ ചില പോരായ്മകൾ ഉണ്ടെങ്കിലും ഇതിനെ മനോഹരമാക്കാൻ ശ്രമിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു.

## ഉള്ളടക്കം

ഫീൽഡ് പുരസ്കാരം..........10
സ്നേഹം മധുരം..........12
വിദ്യാരംഗം കലാസാഹിത്യവേദി..........13
..........14
ഇംഗ്ലീഷ് ലിറ്ററി ക്ലബ്ബ്..........14
ബാലവേദി..........17
വായനാകുറിപ്പ്..........19
..........20
ശക്തിശാലി ആര്..........20
മിട്ടുവിൻറെ ബുദ്ധി..........22
സ്നേഹംനിറഞ്ഞ ബാലൻ..........23
മഴവില്ല്..........24
മാറുന്ന ലോകവും മാറുന്ന പ്രകൃതിയും..........25
കുഞ്ഞി പൂമ്പാറ്റ..........27
ചാന്ദ്രദിനം..........28
സൗഹൃദം..........33
പിഞ്ചുനൊമ്പരം..........35
എന്റെ വിദ്യാലയം..........37
കറ്റ കൊയ്യുന്ന പെണ്ണാള്..........38
നിറമാർന്ന ഭ്രമി..........40
പൂച്ചയും എലിയും..........41
പ്രതീക്ഷ..........42
എന്റെ വെള്ളായണി കായൽ..........43
പഴപ്പാട്ട്..........44
മരം..........45
മഴവിൽ..........46

## ക്രിസ്തുമസ് ബെൽസ്

നന്ദന സുരേഷ് (8A)

ഡിസംബർ 25 ക്രിസ്തുമസ് ദിനം കഴിഞ്ഞ് ഡിസംബർ 26 ന് എസ് പി സി യുടെ 2018 –19 ക്രിസതുമസ് ക്യാമ്പ് ആരംഭിച്ചു. 3 ദിവസത്തേക്കായിരുന്നു ക്യാമ്പ്. ക്യാമ്പ് ഉദ്ഘാടനം ചെയ്യാൻ എത്തുന്നത് കമ്മീഷണർ പ്രകാശ് IPS Sir ആണെന്നറിഞ്ഞ സന്തോഷത്തിലായിരുന്നു എല്ലാവരും . അദ്ദേഹത്തിന് കൊടുക്കാനുള്ള ഗാർഡ് ഓഫ് ഓണർ വളരെ പ്രാവശ്യം റിഹേഴ്സൽ ചെയ്ത് ശരിയാക്കി .രാവിലെ 7 20 നായിരുന്നു ക്യാമ്പ് റിപ്പോർട്ടിങ്ങ്. കൃത്യം പത്തുമണിക്ക് കമ്മീഷണർ സാറ് എത്തി ചേർന്നു. നമ്മുടെ ഗാർഡ് ഓഫ് ഓണർ നെ പറ്റി എല്ലാപേരും നല്ല അഭിപ്രായം പറഞ്ഞു.



ഉദ്ഘാടനച്ചടങ്ങിന് സജി സാർ ,പ്രദീപ് സാർ, സിറ്റി പോലീസ് കമ്മീഷണർ പി പ്രകാശ് ഐപിഎസ് , പി റ്റി എ പ്രസിഡൻറ് ശ്രീ ഉദയകുമാർ സാർ, പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി.വിജയലക്ഷ്മി , പഞ്ചായത്ത് മെമ്പർ ശ്രീമതി. സിന്ധു എന്നിവർ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങിനുശേഷം മുൻപുണ്ടായിരുന്ന കേഡറ്റുകൾ

അവരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും പങ്കു വച്ചു. ശ്രീ കല്യാൺ സാർ ക്യാമ്പ് സന്ദർശിച്ചു. ക്ലാസിനുശേഷം ഉച്ചഭക്ഷണം നൽകി. രക്ഷകർത്താക്കളാണ് ഭക്ഷണം വിളമ്പിത്തന്നത്. ഉച്ചക്ക് ശേഷം പോലീസിനെ സെൽഫ് ഡിഫൻസ് ടീം ഞങ്ങൾക്ക് ക്ലാസെടുത്തു. സ്ത്രീ പുരുഷ സമത്വത്തിന്റെ ആവശ്യകതയെക്കുറിച്ചും സംരക്ഷണത്തിന് വേണ്ട കാര്യങ്ങളെക്കുറിച്ചും ഇന്നത്തെ സമൂഹത്തിലെ പ്രവണതകളെ കുറിച്ചും ഉള്ള പലകാര്യങ്ങളും ശ്രീമതി. സുൽഫത്ത് സംസാരിച്ചു . പ്രശ്നങ്ങളെ നേരിടാനുള്ള ചില പൊടിക്കൈകളും പറഞ്ഞുതന്നു.



രണ്ടാം ദിനവും രാവിലെ 7.20 ന് തന്നെ ക്ലാസ് ആരംഭിച്ചു ആദ്യത്തെ പ്രോഗ്രാം road walk and run ആയിരുന്നു .സ്കൂളിനടുത്തുള്ള വൃത്തിഹീനമായി കിടന്നിരുന്ന കുളം കാണിച്ചുതന്നു. കുളം വൃത്തിയാക്കാനുള്ള തീരുമാനമെടുത്തു. ഇതിനുശേഷം

നമ്മൾ നേരെ ഗ്രൗണ്ടിലെത്തി. റൗണ്ട് ഓടിയശേഷം ഓഡിറ്റോറിയത്തിൽ പോയി ഗോപകുമാർ സാർ നയിക്കുന്ന യോഗ ക്ലാസ്സിൽ പങ്കെടുത്തു. പഞ്ച കോശ മെഡിറ്റേഷൻ ചെയ്തു. അതിനുശേഷം രസകരമായ ചിരി വ്യായാമം ചെയ്തു. അതിനുശേഷം ഡിബേറ്റ് നടന്നു. ഡിസിഷൻ മേക്കിങ് എന്നായിരുന്നു അതിൻെറ പേര് വളരെയധികം വാദപ്രതിവാദങ്ങളുടെ ഡിബേറ്റ്. ഉച്ചയ്ക്ക് ഒന്നര വരെ വളരെ രസകരമായി നടന്നു. ഉച്ചയ്ക്കുശേഷം ലഹരിയുടെ ദോഷത്തെ കുറിച്ച് ശ്രീ ഉദയകുമാർ സാർ ഒരു ക്ലാസ്സ് എടുത്തു .അതിനുശേഷം അദ്ദേഹത്തോടൊപ്പം വന്ന രാധാകൃഷ്ണൻ സാർ പാട്ടുകൾ പാടി രസകരമായി നമ്മളും അത് ഏറ്റുപാടി. മൂന്നാം ദിവസം രാവിലെതന്നെ ക്ലാസ്സ് ആരംഭിച്ചു. ആദ്യം ഗ്രൗണ്ടിൽ ആയിരുന്നു. അതിനു ശേഷം യോഗ .അതിനുശേഷം ജീവിതശൈലി രോഗങ്ങളെ കുറിച്ച് ഡോ.വിശാഖ് സാർ ക്ലാസ് എടുക്കാൻ വന്നു. അതിനുശേഷം സിഐ ശ്രീ സുരേഷ് ബാബു സാർ leadership qualities നെ പറ്റി ക്ലാസ്സെടുത്തു .ഹെഡ്മിസ്ട്രസ് അനിത ടീച്ചർ ക്യാമ്പ് അവലോകനം ചെയ്യാനെത്തി . എല്ലാവരും ക്യാമ്പിലെ അഭിപ്രായങ്ങൾ പങ്കു വച്ചു. ഉച്ചയ്ക്ക് ലാസർ സാർ mental health and physical health , problems of adholescence എന്നീ വിഷയങ്ങളെ കുറിച്ച് ക്ലാസ്സെടുത്തു. രക്ഷിതാക്കളും ക്ലാസിൽ പങ്കെടുത്തു. തുടർന്ന് വൈകുന്നേരം 4 മണിക്ക് ക്യാമ്പിന്റെ സമാപന സമ്മേളനം. നമ്മുടെ എസ്.പി .സി ഇനിയും കൂടുതൽ ഉയരങ്ങളിൽ എത്തണമെന്നും വേദിയിലിരുന്ന എല്ലാ വിശിഷ്ടവ്യക്തികളും അഭിപ്രായപ്പെട്ടു .ഏഷ്യൻ പവർലിഫ്റ്റിങ് ചാമ്പ്യൻഷിപ്പ് സിൽവർ കരസ്ഥമാക്കിയ വിഷ്ണു മോഹന്റെ അമ്മയുടെ എസ് പി സി സഹായത്തോടെ ലഭിച്ച പ്രത്യേക മികവിനെ കുറിച്ചുമുള്ള ഓഡിയോ സംഭാഷണം പ്ലേ ചെയ്തു. മൂന്ന് ദിവസത്തെ

ക്യാമ്പ് രസകരവും വിജ്ഞാനപ്രദവും ആയിരുന്നു .കൂട്ടായ്മയും സമത്വവും ഊട്ടിയുറപ്പിക്കാൻ കിട്ടുന്ന അമൂല്യങ്ങളായ അവസരമാണ് ക്യാമ്പിൽ ലഭിച്ചത്.

## ഫീൽഡ് പുരസ്കാരം

ലയ എൽ
(HST Maths)

ഇന്ത്യൻ വംശജനായ അക്ഷയ് വെങ്കിടേഷിന് അഭിമാനകരമായ ഫീൽഡ് പുരസ്കാരം

ഗണിതത്തിന്റെ നോബേൽ പുരസ്കാരം എന്നറിയപ്പെടുന്ന ഫീൽഡ് പുരസ്കാരം ഈ വർഷം കരസ്ഥമാക്കിയ നാലുപേരിലൊരാൾ ഇന്തോ ആസ്ട്രേലിയൻ ശാസ്ത്രജ്ഞൻ അക്ഷയ് വെങ്കിടേഷ്.

ന്യൂഡൽഹിയിൽ ജനിച്ച ഈ 36 കാരൻ ഇപ്പോൾ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ അധ്യാപകനാണിപ്പോൾ. ഗണിതശാസ്ത്രത്തിൽ പലമേഖലകളിലായി നൽകിയ സമഗ്ര സംഭാവനകളാണ് ഈ പുരസ്കാരത്തിന് ഇദ്ദേഹത്തെ അർഹനാക്കിയത്.

കാനഡക്കാരനായ ജോൺ ചാൾസ് ഫീൽഡ് എന്ന ഗണിതശാസ്ത്രജ്ഞൻ ആരംഭിച്ച ഈ പുരസ്കാരം നാല് വർഷത്തിൽ ഒരിക്കൽ ആണ് നൽകുന്നത്.15,000 കനേഡിയൻ ഡോളറാണ് സമ്മാനത്തുക.

ഭാരത വംശജനായ ഇദ്ദേഹത്തിന്റെ ഈ നേട്ടത്തിൽ നമുക്ക് അഭിമാനിക്കാം

# സ്നേഹം മധുരം



കുട്ടികളിൽ സഹജീവികളോട് സ്നേഹവും അനുകമ്പയും വളർത്തുക എന്ന ഉദ്ദേശ്യത്തോടെ ജില്ല പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ് സ്നേഹം മധുരം. അതിന്റെ ആദ്യത്തെ സഹായം ലഭിച്ചത് നമ്മുടെ ഹരികൃഷ്ണന്

## വിദ്യാരംഗം കലാസാഹിത്യവേദി

ജാൻസി ജോസ്

(HST Malayalam)

ഒരു വിദ്യാലയത്തിലെ എല്ലാ വിദ്യാർഥികളും വിദ്യാരംഗം കലാസാഹിത്യവേദിയിലെ അംഗങ്ങളാണ് .ജൂൺ മാസം മുതൽ തന്നെ ക്ലബ്ബ് രൂപികരണവും ഉദ്ഘാടനവും നടത്തി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. മലയാള സാഹിത്യവുമായി ബന്ധപ്പെട്ടുവരുന്ന പ്രധാനദിനാചരണങ്ങൾ വായനാദിനം , ബഷീർദിനം , കേരളപ്പിറവി ദിനം എന്നിവ ആചരിച്ചു. ക്വിസ് ചിത്രരചന പോസ്റ്റർ രചന ആസ്വാദനകുറിപ്പ് തുടങ്ങിയ ഇനങ്ങളിൽ മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.



## ഇംഗ്ലീഷ് ലിറ്ററി ക്ലബ്ബ്

കാന്തി ആർ

(HST English)

ഇംഗ്ലീഷ് ഭാഷപഠനത്തിൽ താല്പര്യം ജനിപ്പിക്കുക, ഇംഗ്ലീഷ് ഭാഷ അനായാസേന കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഈ അധ്യയനവർഷാരംഭത്തിൽ തന്നെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ELC രൂപീകരിച്ചു. എൽ പി, യു പി ക്ലാസ്സുകളിലെ കുട്ടികളെ ELC Kids, HS ലെ കുട്ടികളെ ELC Junior, HSS ലെ കുട്ടികളെ ELC Senior എന്ന് മൂന്ന് വിഭാഗങ്ങളായി തിരിച്ച് പ്രവർത്തനം ആരംഭിച്ചു. എല്ലാ ഇംഗ്ലീഷ് അധ്യാപകരുടെയും സഹകരണം ഇതിനുണ്ട്. മാസത്തിലൊരിക്കൽ എല്ലാ അംഗങ്ങളും ഒരുമിച്ച് കൂടി പ്രവർത്തനം വിലയിരുത്തുന്നു. ELC



Butlletin board, ELC Blog, ELC Rainbow Radio എന്നിവ ഇതിന്റെ തനതു പ്രവർത്തനമാണ്. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ വികസിപ്പിക്കാൻ ഇവ വളരെ സഹായകമാകുന്നു. ELC Rainbow radio യുടെ ആദ്യ സംപ്രേക്ഷണം 2018 ജൂലൈ 20 സമാരംഭിച്ചു. ELC Rainbow radio യുടെ 8 സംപ്രേക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കപ്പെട്ടു. ELC Rainbow radio ഇംഗ്ലീഷി വായന പരിപോഷിപ്പിക്കുന്നതിനായി എല്ലാ ക്ലാസ്സുകളിലും The HINDU – Student edition പത്രം നൽകിവരുന്നു.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി STEP (Student Enpowerment Programme) നടത്തിവരുന്നു. പഠനം രസകരവും ലളിതവുമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തി ELC മുന്നേറുന്നു.

# ബാലവേദി













## വായനാകുറിപ്പ്

നന്ദന അനിൽ

തെന്നാലിരാമനും സമ്മാനവും

ഈ കഥയിൽ രാമന്റെ ബുദ്ധിസാമർഥ്യത്തെ പറ്റിയാണ് പറഞ്ഞിരിക്കുന്നത്. ഒരിക്കൽ മഹാരാജാവിന്റെ രാജ്യത്ത് ഉത്സവമായിരിന്നു. അന്ന് രാജാവ് തന്റെ സദസ്സിലിരിക്കുന്ന എല്ലാ അംഗങ്ങൾക്കും പാരിതോഷികം നൽകാൻ തീരുമാനിച്ചു. സമ്മാനങ്ങൾ നിരത്തി വച്ച് എല്ലാവരോടും ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാൻ പറഞ്ഞു.എല്ലാപേർക്കും സന്തോഷമായി. അവസാനം തെന്നാലിയുടെ ഊഴമായിരുന്നു. തെന്നാലിരാമൻ വന്നപ്പോഴേക്കും സമ്മാനങ്ങൾ എല്ലാം തീർന്നു. ഒരു കാലി പാത്രമായിരുന്നു ബാക്കി. രാമൻ പെട്ടെന്ന് ആ പാത്രത്തെ ടുവാല കൊണ്ട് മൂടി. ഇത് കണ്ട് രാജാവ് തെന്നാലിയോടു ചോദിച്ചു. താൻ എന്താണ് ചെയ്യുന്നത്. രാമൻ പറഞ്ഞു. രാജാവേ ഈ പാത്രത്തിൽ ഒന്നും തന്നെയില്ല. ഈ ഒഴിഞ്ഞ പാത്രം കൊണ്ട് പാതയിലൂടെ നടക്കുമ്പോൾ ആളുകൾ പറയില്ലേ രാജാവിന് കൊടുക്കാൻ ഒന്നു ഇല്ല എന്ന്. പക്ഷേ ഈ ടുവാല കൊണ്ട് മൂടിയാൽ ആളുകൾ കരുതും ഇതിലെന്തോ വിലപിടിപ്പുള്ള സാധനമായിരിക്കും എന്ന് . രാജാവിന്റെ അഭിമാനത്തിന് ഒരു കോട്ടവും തട്ടില്ല. ഇത് കേട്ട രാജാവിന് സന്തോഷമായി. തന്റെ കഴുത്തിൽ കിടന്ന ഒരു രത്നമാല തെന്നാലിക്ക് കൊടുത്തു. തെന്നാലിക്ക് സന്തോഷമായി.

## ശക്തിശാലി ആര്

ആർച്ച എ എസ് 7C

ഒരിടത്തൊരിടത്ത് ഒരു കാടുണ്ടായിരുന്നു. വളരെ പ്രകൃതിരമണീയമായ ഒരു കാട് ആയിരുന്നു അത് . നിറയെ മൃഗങ്ങൾ ഉണ്ടായിരുന്നു .ഒരുദിവസം ഒരു ആനയും കുരങ്ങനും തമ്മിൽ വഴക്കിട്ടു .ആന പറഞ്ഞു ഞാനാണ് ഏറ്റവും ശക്തി ശാലിയായ മൃഗമെന്ന്. അപ്പോൾ കുരങ്ങൻ പറഞ്ഞു സിംഹ രാജാവാണ് നീയല്ല. എന്നാലും സിംഹം കഴിഞ്ഞാൽ ശക്തി ഞാനാണല്ലോ എന്ന് ആന പറഞ്ഞു . അല്ല തെറ്റാണ് ഞാനാണ് സിംഹം കഴിഞ്ഞാൽ ശക്തിശാലി. അവർ തമ്മിൽ വഴക്കായി ആന പറഞ്ഞു എനിക്ക് വലിയമരം പിഴുതെടുക്കാൻ കഴിയും. അപ്പോൾ കുരങ്ങൻ പറഞ്ഞു എനിയ്ക്ക് മരത്തിൽ കയറാൻ പറ്റും നിനക്ക് പറ്റില്ലല്ലോ.അങ്ങനെ വഴക്കിട്ടു കൊണ്ടിരുന്നപ്പോഴാണ് ഒരു പരുന്തു വന്നത്. പരുന്ത് അവരോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അപ്പോൾ പരുന്തു പറഞ്ഞു ഞാനാണ് ശക്തിശാലി എനിക്ക് പറക്കാൻ സാധിക്കുമല്ലോ. നിങ്ങൾക്കാർക്കും ഇല്ലാത്ത കഴിവ് എനിക്കുണ്ട്. അപ്പോൾ ആന പറഞ്ഞു എൻെറ ഒരു ചവിട്ടു മതി നീ ചമ്മന്തി ആകാൻ. കൂടുതൽ പൊങ്ങച്ചം പറയാതെ. അപ്പോഴാണ് രാജു അതുവഴി വരുന്നത്. രാജു അവരോട് കാര്യങ്ങളെല്ലാം

ചോദിച്ചറിഞ്ഞു. രാജു പറഞ്ഞു ഓരോ ജീവികൾക്കും ഓരോ കഴിവാണ്.

കുരങ്ങന് മരത്തിൽ കയറാം, പരുന്തിന് ഉയരത്തിൽ പറക്കാം, ആനയ്ക്ക് തടി പൊക്കാനും മരം പിഴുതെറിയാനും കഴിയും , എല്ലപേരും തുല്യരാണ്. മനുഷ്യർ ഈ പേരും പറഞ്ഞ് വഴക്ക് ഇടാറുണ്ട്. നിങ്ങളെപ്പോഴും സുഹൃത്തുക്കളായിരിക്കണം .നാളുകൾ കഴിഞ്ഞു. എല്ലാ മൃഗങ്ങളും ഒത്തൊരുമയോടെ കഴിയുന്നു.

## മിട്ടുവിൻറെ ബുദ്ധി

അനഘ എ എസ് 2A

ഒരുദിവസം മിട്ടു മുയൽ ആഹാരം തേടി കാട്ടിലൂടെ നടക്കുമ്പോൾ അവന്റെ മുന്നിൽ ഒരു പാമ്പ് പത്തി വിടർത്തി നിൽക്കുന്നതു കണ്ടു. മിട്ടു ഓടാൻ തുടങ്ങുമ്പോഴേക്കും മുന്നിൽ ചെമ്പൻ ചെന്നായ കണ്ണുരുട്ടി നാവു നീട്ടി നിൽക്കുന്നു .എങ്ങനെയും രക്ഷപ്പെട്ട മതിയാവൂ അവൻ ഒരു സൂത്രം തോന്നി .അവർ രണ്ടുപേരും മിട്ടുവിന് ആക്രമിക്കാൻ പോയപ്പോൾ മിട്ടു കുനിഞ്ഞു കൊടുത്തു. ചെമ്പന്റെ കടി പാമ്പിനും പാമ്പിന്റെ കൊത്ത് ചെമ്പനും കൊണ്ടു. പിന്നെ അവർ രണ്ടുപേരും ആ സ്ഥലത്തേക്ക് പോലും വന്നില്ല.

## സ്നേഹംനിറഞ്ഞ ബാലൻ

അനന്തു വിഎസ് (4A)

പണ്ടുപണ്ട് പള്ളിക്കൽ എന്ന ഗ്രാമത്തെ ഒരു ബാലൻ ഉണ്ടായിരുന്നു. അവൻ നെല്ലിക്കൽ യുപി സ്ക്കൂളിലാണ് പഠിക്കുന്നത്. ഒരു ദിവസം അവൻ സ്കൂളിലേക്ക് പോകുകയായിരുന്നു. അപ്പോൾ ഒരു മരച്ചുവട്ടിൽ ഒരു വൃദ്ധയായ സ്ത്രീ കിടക്കുന്നത് കണ്ടു .വിശന്നുവലഞ്ഞ് മെലിഞ്ഞുണങ്ങിയ ശരീരത്തോടെ ആയിരുന്നു അവർ കിടന്നത്. ആരുകണ്ടാലും സങ്കടം തോന്നി പോകും. അവൻ കണ്ടത് അവിടെ നിന്നവർ ആ സ്ത്രീയെ കളിയാക്കുകയും കല്ലെറിയുകയും ചെയ്യുന്നതാണ് . രാജുവിന് സങ്കടം സഹിക്കാനായില്ല .അവൻ അവരെല്ലാം പോയി കഴിഞ്ഞു അവൻെറ ചോറുപാത്രം ആ വൃദ്ധയ്ക്ക് നേരെ നീട്ടി.ആ സ്ത്രീക്ക് വളരെയധികം സന്തോഷമായി. അവൻ പറഞ്ഞു, കഴിച്ചോളൂ ഇത് അമ്മൂമ്മയ്ക്ക് ഉള്ളതാണ്. ഇനി വെള്ളം കുടിച്ചോളൂ എന്നു പറഞ്ഞു അവൻ അമ്മൂമ്മൂയ്ക്ക് വെള്ളം കൊടുത്തു .രാജുവിനെ വളരെയധികം സന്തോഷം അനുഭവപ്പെട്ടു . നന്മ ചെയ്യുന്നവർക്ക് സന്തോഷം ഉണ്ടാകും.

# മഴവില്ല്

ലയ എൽ (4A)

ഏഴുനിറമുള്ള മഴവില്ലേ
നിന്നെ കാണാൻ എന്തു ചന്തം
കാർമേഘങ്ങൾ പോകുമ്പോൾ
ഓടിനടക്കും മഴവില്ല്
ആകാശത്തിൽ കാണുമ്പോൾ
നിന്നെ കാണാൻ എന്ത് രസം

## മാറുന്ന ലോകവും മാറുന്ന പ്രകൃതിയും

ദേവിക (10 A)

കാലങ്ങൾ മാറുമ്പോൾ ലോകവും പ്രകൃതിയും ഒപ്പത്തിനൊപ്പം മാറുന്നു. പ്രാചീനകാലത്തെ പോലെ അല്ല. ശാസ്ത്രസാങ്കേതികവിദ്യകൾ വളർന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്പ്രാധാന്യം ലഭിച്ചിരിക്കുന്നു. സ്കൂളുകളിൽ എല്ലാതരം ഹൈടെക് ഉപകരണങ്ങളും ലഭ്യമാണ്. കുട്ടികൾക്ക് ഭക്ഷണവും പ്രഭാതഭക്ഷണവും സ്കൂളിൽ നിന്ന് ലഭിക്കുന്നു. സാങ്കേതികവിദ്യകൾ വളരെയധികം മുന്നിലാണ് തെങ്ങിൽ കയറാൻ പോലും പ്രത്യേകം ഒരു യന്ത്രം കണ്ടു പിടിച്ചിരിക്കുന്നു .മനുഷ്യൻ അവന്റെ കഴിവുകൾ അവന്റെ ജോലികൾ ആയാസ രഹിതമാക്കാൻ ഉപയോഗിക്കുന്നു .ടിവി ,റേഡിയോ, ഫോൺ എന്നിവയൊന്നും ഇല്ലാത്ത ഒരു ലോകത്തെ മനുഷ്യർക്ക് ഇന്ന് ചിന്തിക്കാൻപോലും സാധ്യമല്ല. പറക്കാൻ കഴിയില്ലെങ്കിൽ അതിനേക്കാൾ വേഗം ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പോകാൻ മനുഷ്യൻറെ ബുദ്ധികൊണ്ട് വിമാനങ്ങൾ കണ്ടുപിടിച്ചു.

പരിമിതികളിൽ നിന്നുപോലും മനുഷ്യർ ഉയർന്ന കണ്ടുപിടുത്തങ്ങൾ നടത്തുന്നു ,ഉദാഹരണം സ്റ്റീഫൻ ഹാക്കിംഗ് . മോട്ടോർ ന്യൂറോണുകളുടെ തകരാർ കാരണം എണീറ്റ് നടക്കാൻ കഴിയാത്ത അദ്ദേഹം തന്റെ

വീൽചെയറിലിരുന്ന് പ്രപഞ്ച വിസ്മയങ്ങളുടെ കുറിച്ച് പഠിച്ചു, ധാരാളം പുസ്തകങ്ങൾ രചിച്ചു. ക്ലാസുകളെടുത്തു. അറിവ് മറ്റുള്ളവർക്ക് പകർന്നു കൊടുത്തു. എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായാലും മനുഷ്യർ പ്രകൃതിയോട് കാണിക്കുന്ന ക്രൂരതകൾക്കും കണക്കില്ല .പ്രകൃതിയെ ചൂഷണം ചെയ്യുന്നു .വികസനത്തിന് പേര് പറഞ്ഞ് നടക്കുന്ന ചൂഷണങ്ങൾക്ക് ഇപ്പോൾ പ്രകൃതി നമുക്ക് തിരിച്ചടികളും തരുന്നു. ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന പ്രളയവും മറ്റും പ്രകൃതിയുടെ തിരിച്ചടിയാണ് എന്തൊക്കെ സാങ്കേതിക മുന്നേറ്റങ്ങൾ ആയാലും പ്രകൃതിയെ കൂടി സംരക്ഷിച്ചില്ല എങ്കിൽ നമ്മെ ഒന്നടങ്കം ഹനിക്കാനും പ്രകൃതിക്ക് കഴിയും. ഇപ്പോൾ അതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു .വായുമലിനീകരണം ഉണ്ടാകാതിരിക്കാൻ ഇലക്ട്രിക് വാഹനങ്ങൾ കണ്ടുപിടിച്ചു .ഉടനെ നിരത്തിൽ വരികയും ചെയ്യും. അനുഭവങ്ങൾ മനുഷ്യനെ പ്രകൃതിയെ സ്നേഹിക്കാനും പഠിപ്പിക്കുന്നുണ്ട്. ശാസ്ത്രരംഗത്ത് വളർച്ച മാനവ നന്മയ്ക്കും പ്രകൃതിയുടെ നന്മയ്ക്കാവട്ടെ.

## കുഞ്ഞി പൂമ്പാറ്റ

സൂര്യകുമാർ എസ് ബി 2A

കുഞ്ഞി പൂവിൻ കവിളത്ത്
മുത്തം നൽകി പൂമ്പാറ്റ
മഞ്ഞനിറത്തിൽ പൂമ്പൊടിയാൽ
മുഖം മിനുക്കും പൂമ്പാറ്റ
പൂന്തേൻ ഉണ്ടൊരു പൂമ്പാറ്റ
കുഞ്ഞി ചിറകുവിരിച്ച്
ആ പൂ ഈ പൂ പൂവുകൾ തോറും
പാറിനടന്നു പൂമ്പാറ്റ

## ചാന്ദ്രദിനം

(9C വിദ്യാർത്ഥികൾ)

1929 ജൂലൈ 21 .മനുഷ്യന്റെപാദം ആദ്യം ചന്ദ്രനിൽ പതിഞ്ഞ ദിവസം. ലോകജനതയെ ഉദ്വേഗത്തിൻ മുൾമുനയിൽ ആക്കി ആ സാഹസികയാത്ര.

സമയം രാവിലെ 9 32 പ്രഭാതം. യുഎസിലെ ഫ്ലോറിഡയിൽ കേപ്പ് കാനവർ കെന്നഡി സ്പേസ് സെൻററിൽ അപ്പോളോ–11 കൗണ്ട്ഡൗൺ തുടങ്ങി. ആദ്യമായി മനുഷ്യൻ ചന്ദ്രനിലേക്ക് പോകുന്നു അപ്പോളോ വഹിച്ച നാസയുടെ സാറ്റേൺ റോക്കറ്റ് കുതിച്ചുയർന്നു എഡ്വിൻ ആൽഡ്രിൻ, മൈക്കിൾ കോളിൻസ്, നീൽ ആം സ്ട്രോംഗ് എന്നിവർ യാത്രികർ.  സാറ്റേൺ 5 നാസയുടെ പടുകൂറ്റൻ റോക്കറ്റാണ് ഉയരം 110 മീറ്റർ. ഏകദേശം മൂന്ന് ദശലക്ഷം കിലോ ഭാരം.3 ഘട്ടം ഉള്ള റോക്കറ്റിലെ മുകളിലെ ഘട്ടത്തിൽ അപ്പോളോ–11 ഉം അതിലെ യാത്രക്കാരും. 384400 കിലോമീറ്റർ ദൂരമുണ്ട് ഭൂമിയും ചന്ദ്രനും തമ്മിൽ. മണിക്കൂറിൽ ആയിരത്തോളം കിലോമീറ്റർ വേഗത്തിൽ .

സമയം 9 .44 സാറ്റേൺ ആദ്യ രണ്ട് ഘട്ടങ്ങൾ കത്തി തീർന്നു.അപ്പോളോ 190 കിലോമീറ്റർ ഉയരത്തിൽ. ദൗത്യ  നിയന്ത്രണം

ഹ്യൂസ്റ്റണിലെ മിഷൻ കൺട്രോളിന്.

ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12.22 വാഹനം ഭൂമിയുടെ ആകർഷണത്തിന് പുറത്ത്. ട്രാൻസ് ലൂണാർ ഘട്ടം തുടങ്ങി. സാറ്റേൺ അവസാന സ്റ്റേജ് പ്രവർത്തിക്കുന്നു. വേഗത മണിക്കൂറിൽ 3 8 9 4 6 കിലോമീറ്റർ. അപ്പോളോ–11 നിൽ ആം സ്ട്രോങ് command ചെയ്യുന്നു

സമയം 12.49.കവചം പിളർന്ന് ദൗത്യസംഘം പുറത്തേക്ക് ഈഗിൾ (ലൂണാർ), കമാൻറ് എന്നീ മൊഡ്യൂളുകൾ ചേർന്നതാണ് അപ്പോളോ–11 ദൗത്യം. വാഹനത്തിൽ നിന്ന് വേർപെട്ട് കമാൻഡ് മോഡ്യൂൾ മുന്നോട്ട് . 180 ഡിഗ്രി തിരിഞ്ഞ് വീണ്ടും ലൂണാർ മോഡ്യൂളിലേക്ക് ഇത് തിരിച്ച് പിടിപ്പിക്കുന്നു.

ജൂലൈ 17. അപ്പോളോയുടെ ദിശ കൃത്യംആക്കുന്ന ജോലിയിൽ ഹ്യൂസ്റ്റൺ മിഷൻ കൺട്രോൾ വ്യാപൃതർ. വൈകിട്ട് 7.31 യാത്രകൾ ലോകമെമ്പാടും ടെലിവിഷൻ സ്ക്രീനുകളിൽ പ്രത്യക്ഷപ്പെട്ടു. ജൂൺ 18 യാത്ര തുടരുന്നു. ഉച്ചയ്ക്ക് 12 .58 ൻ ചന്ദ്രൻറെ ആകർഷണവലയത്തിൽ പ്രവേശിക്കാൻ മിഷൻ കൺട്രോൾ നിർദ്ദേശം .തുടർന്ന് ദൗത്യം ചന്ദ്രനെ ഭ്രമണം ചെയ്യാൻ തുടങ്ങി .ചന്ദ്രോപരിതലത്തിലേക്ക് ഇറങ്ങാൻ ലൂണാർ മോഡ്യൂൾ തയ്യാറെടുക്കുന്നു.

ജൂലൈ 20 ആകാംക്ഷഭരിതം.ചരിത്ര നിമിഷം മണിക്കൂറുകൾ അകലെ .രാവിലെ 9.27 ലൂണാർ മൊഡ്യൂളിലേക്ക് ആൽഡ്രിൻ പ്രവേശിച്ചു .ഒരു മണിക്കൂറിനുശേഷം ആംസ്ട്രോങ്ങും.

2 .12 കമാൻഡ് മോഡ്യൂൾ വേർപെടുത്തി. ലൂണാർ മൊഡ്യൂളിനെ നിലത്തിറക്കാനുള്ള ശ്രമം തുടരുന്നു .വൈകുന്നേരം 4. 5 ലൂണാർ മോഡ്യൂൾ ചന്ദ്രോപരിതലത്തിന് അരികെ. ആംസ്ട്രോങ് നിയന്ത്രിക്കുന്നു രാത്രി 10. 56 ആം സ്ട്രോങ് ചന്ദ്ര ഉപരിതലത്തിലേക്ക്. ചന്ദ്രനിലേക്ക് കാൽ വച്ച് അദ്ദേഹം പറഞ്ഞു മനുഷ്യന്റെ ഒരു ചെറിയ കാൽവെപ്പ് മനുഷ്യരാശിക്ക് വലിയൊരു കുതിച്ചുചാട്ടം.

പ്രശാന്തതയുടെ സമുദ്രം എന്നാണ് ചന്ദ്രനിൽ അപ്പോളോ–11 ഇറങ്ങിയ സ്ഥലത്തിന്റെ പേര്. ചന്ദ്രനിലെ മണ്ണ് ശേഖരിച്ചു. 20 മിനിറ്റ് കഴിഞ്ഞപ്പോൾ ആൽഡ്രിനും ചന്ദ്രോപരിതലത്തിലിറങ്ങി. യാത്രികർ ചന്ദ്രനിൽ അമേരിക്കൻ പതാക ഉയർത്തി. തുടർന്ന് രണ്ട് മണിക്കൂർ വിവിധ പരീക്ഷണങ്ങൾ .ഒരു സ്മാരകശിലയും ലോകനേതാക്കൾ ഒപ്പിട്ട് സ്മരണികയും സ്ഥാപിച്ചശേഷം മടക്കം. പുലർച്ചെ 12. 54 ദൗത്യം പൂർണ്ണം ഉച്ചയ്ക്ക് 1. 54 കമാൻഡ് മോഡ്യൂളിലെ ലക്ഷ്യമാക്കി ലൂണാർ മോഡ്യൂൾ കമാൻഡ് മോഡ്യൂളിൽ സഹയാത്രികരെ കാത്ത് കോളിൻസ്.

മൊഡ്യൂൾ ചന്ദ്രനു ചുറ്റുമുള്ള ഒരു ഭ്രമണപഥത്തിലാണ് .ലൂണാർ മോഡ്യൂളും കമാൻഡ് മൊഡ്യൂളും യോജിപ്പിക്കുന്നു. വിഷമകരമായ ഈ ഘട്ടം പൂർത്തീകരിക്കുന്നു. ചന്ദ്രനിൽ നിന്ന് ശേഖരിച്ച വസ്തുക്കൾ കമാൻഡ് മൊഡ്യൂളിലേക്ക് മാറ്റുന്നു .ജൂലൈ 22 അപ്പോളോ ഇപ്പോഴും ചന്ദ്രനെ ചുറ്റുന്നു പുലർച്ചെ 12 56 അപ്പോളോ അതിവേഗത്തിൽ ഭൂമിയിലേക്ക്. അത്യന്തം അപകടം പിടിച്ച തിരിച്ചിറക്കം. ഭൂമിയുടെ ആകർഷണ വലയത്തിൽ പ്രവേശിച്ചാൽ ഗുരുത്വാകർഷണംമൂലം വാഹനത്തിൻറെ വേഗം കൂടും .ജൂലൈ 24 പസഫിക് സമുദ്രത്തിൽ തിരിച്ചിറക്കി .അവസാനഘട്ടം പാരഷൂട്ടുകൾ വിടർന്നു .വാഹനം സമുദ്രത്തിൽ ഇറങ്ങുന്നു യാത്രികരെ പ്രത്യേകം സുരക്ഷാകവചം ധരിപ്പിക്കുന്നു ഇവരെ പ്രസിഡൻറ് റിച്ചാർഡ് നിക്സൺ ഉൾപ്പെടെയുള്ളവർ അവരെ സ്വീകരിക്കാൻ ഉണ്ടായിരുന്നു.



അഭയ എസ് അജിത് (7A)

## സൗഹൃദം

ഒരിടത്തൊരു വലിയകാട് ഉണ്ടായിരുന്നു ഒരുമുയൽ താമസിച്ചിരുന്നു. സാധാരണ മുയലുകൾ ഓട്ടത്തിലും മുന്നിലാണ്. എന്നാൽ ഈ മുയൽ പിന്നിലായിരുന്നു. ഈ കാരണത്താൽ മറ്റു മൃഗങ്ങൾ അവനെ കളിയാക്കി കൊണ്ടിരുന്നു. ഈ മുയലിന് വേറൊരു കഴിവുണ്ടായിരുന്നു. എത്ര ഉയരത്തിലും ചാടും .എന്നാൽ ഈ കഴിവ് ആരും ശ്രദ്ധിക്കാതെ അവനെ കളിയാക്കും. ചെന്നായ മാത്രമാണ് അവനെ കളിയാക്കാത്തത്. അങ്ങനെയിരിയ്ക്കെ അവന്റെ കാട് മനുഷ്യർ ആക്രമിച്ചു .ഒരു വലിയ വേലികെട്ടി. അവർക്ക് രക്ഷപ്പെടാൻ വലിയ വേലി ചാടി കടക്കണം. വിഷമത്തോടെ ഇരിക്കുമ്പോഴാണ് മുയലും ചെന്നായയും എല്ലാവരുടെ അടുത്തും യാത്ര പറഞ്ഞു. മറ്റു മൃഗങ്ങൾ ചോദിച്ചു നിങ്ങൾ എങ്ങനെ പോകും മുയൽ പറഞ്ഞു ഞാനും ചെന്നായയും ചാടി പോകും. അപ്പോഴും മറ്റു മൃഗങ്ങൾ കളിയാക്കി പറഞ്ഞു .ഓടാൻ പറ്റില്ല പിന്നെയാണ് ചാടി പോകുന്നത് .മുയലിന്  സങ്കടം വന്നു. ചെന്നായ മുയലിനോട് പറഞ്ഞു ഒരു കാര്യം ചെയ്യാം നമുക്ക് മനുഷ്യർ വരുന്നതിനുമുൻപ് പോകാം .പരിഹാസപൂർവ്വം അവർ പൊട്ടിച്ചിരിച്ചു. ചെന്നായ പറഞ്ഞു."എന്നെ മുറുകെ പിടിക്കണം”.എന്നിട്ട് ഒരു ചാട്ടം .രണ്ടുപേരും വേലി കടന്നു പോയപ്പോഴാണ് മറ്റ് മൃഗങ്ങൾക്ക്

മനസ്സിലായത് .അവർ പറഞ്ഞത് വിശ്വസിച്ചില്ലെങ്കിൽ നമ്മളിവിടെ ഇങ്ങനെ ഒറ്റപ്പെട്ടും. എന്നാൽ മുയൽ അവർ കളിയാക്കിയത് ഒന്നും കാര്യമാക്കാതെ എല്ലാവരെയും രക്ഷിച്ചു. മുയലിനെ നേതാവാക്കാൻ തീരുമാനിച്ചു. എന്നാൽ മുയൽ പറഞ്ഞു നമുക്ക് എല്ലാവർക്കും ഒരേ അവകാശമാണ് ഈ ലോകത്ത് .അങ്ങനെ അവർ പുതിയ കാട്ടിൽ ഒത്തൊരുമയോടെ കഴിഞ്ഞു .

## പിഞ്ചുനൊമ്പരം

മേഘ.എസ്.കുമാർ IX A

മാതാപിതാക്കൾക്ക് ജോലിതിരക്കിനാൽ

അനുവിനെ നോക്കാൻ സമയമില്ലായിരുന്നു. അതുകൊണ്ട് അവനെ അവന്റെ മുത്തശ്ശനും മുത്തശ്ശിയും ആണ് നോക്കിയിരുന്നത്. അവരുടെ ശിക്ഷണത്തിൻ അവൻ ലോകകാര്യങ്ങളിൽ മികവുള്ളവനായിരുന്നു. എന്നാൽ അച്ഛനും അമ്മയും അവനുമായി സമയം ചിലവഴിക്കാത്തതിൽ അവന് സങ്കടമുണ്ട്. പക്ഷേ എപ്പോഴും വഴക്കിടുന്ന അവരുടെ മുൻപിൽ പോകാൻ തന്നെ അനുവിനു പേടിയായിരുന്നു. ദിനം പ്രതി അവന്റെ മനസിന്റെ വിങ്ങൽ കൂടിക്കൂടി വന്നു.

ഒരു ദിവസം അവൻ മാതാപിതാക്കളോട് തന്നോടുകൂടെ സമയം ചിലവഴിക്കണം എന്ന് പറഞ്ഞു. ഇതു കേട്ട അച്ഛനും അമ്മയും അനുവിന്റെ ഈ വാക്കുകൾക്ക് പിന്നിൽ മുത്തശ്ശനും മുത്തശ്ശിയുമാണെന്ന് തെറ്റിധരിച്ചു. അവർ അവരെ വൃദ്ധാസദനത്തിൽ കൊണ്ടാക്കി. അത് അവരെ ഒരു പാട് വിഷമിപ്പിച്ചു. അനു അന്ന് ഒന്നും കഴിച്ചില്ല. അവനു മുത്തശ്ശനും മുത്തശ്ശിയും പോയതിന്റെ ദുഃഖം അവനെ

ഇരുട്ടിലേക്ക് തള്ളിവിടുന്നുണ്ടായിരുന്നു. പക്ഷേ അവന്റെ മാതാപിതാക്കൾ ഒരു വേലക്കാരിയെ ജോലിക്കു നിർത്തി. തന്റേടിയും അഹങ്കാരിയുമായിരുന്ന വേലക്കാരി ജോലിചെയ്യുന്നത് കുറവായിരുന്നു. അവൾ അനുവിനെ കൊണ്ട് ജോലി ചെയ്യിക്കുകയും സ്വന്തം സൗന്ദര്യത്തെ പൊലിപ്പിക്കാൻ ശ്രമിക്കുമായിരുന്നു. ഒരു അപ്രതീക്ഷിത വേളയിൽ അനുവിൻെ മാതാപിതക്കൾ ഇതു കാണുകയും, ആ വേലക്കാരിയെ പിരിച്ചു വിടുകയും ചെയ്തു.

അപ്പോൾ തന്നെ അനു തന്റെ മുത്തശ്ശനേയും മുത്തശ്ശിയെയും തിരിച്ചു കൊണ്ടുവരണമെന്നും അവർ തനിക്കായി തന്ന സ്നേഹത്തെയും വാത്സല്യത്തെയും പറ്റി അവൻ നിറകണ്ണിന്റെ മറവിൽ പറഞ്ഞു. ഇതു കേട്ട മാതാപിതാക്കൾ തങ്ങൾ ചെയ്ത തെറ്റ് മനസിലാക്കുകയും മുത്തശ്ശനെയും മുത്തശ്ശിയെയും തിരിച്ചു വിളിച്ചുകൊണ്ടുവരികയും ചെയ്തു. അനുവുമായി ചിലവിടാൻ അവർ സമയം കണ്ടെത്തുകയും ചെയ്തു. അനുവിന്റെ ജീവിതം സന്തോഷവും ആഹ്ലാദവും കൊണ്ട് നിറഞ്ഞു.

## എന്റെ വിദ്യാലയം

അക്ഷയ . എസ് 7A

കളിചിരിയും കുസൃതിയുമായി ഞാൻ
അഞ്ചിൽ കാൽകുത്തിയ ലോകം
എന്റെ അത്ഭുത ലോകം
എന്നെ ഞാനാക്കിയ ലോകം

ആ ലോകമാണെന്റെ വിദ്യാലയം
അറിവിന്റെ നിറരൂപം
ആ നന്മയുടെ തോട്ടത്തിൽ പൂക്കളാണ് ഗുരു
പൂക്കളുടെ മധുനുകരുന്ന ശലഭങ്ങളാണ് നമ്മൾ

## കറ്റ കൊയ്യുന്ന പെണ്ണാള്

ജാസ്മിനി ജെ എസ്

5 A

താനേ തന്നാനേ താനേ തന്നാനേ (2)

പുഞ്ചക്കരയിലെ പുഞ്ചവരമ്പത്ത്
കതിര് കൊയ്യാൻ വന്നവളെ
പുഞ്ചവിരിയും പാടത്ത് ഞാൻ നിന്നെ
കാത്ത നിൽക്കയാണ് പെണ്ണാളേ

താനേ തന്നാനേ താനേ തന്നാനേ (2)

കറ്റകൾ കൊയ്യാനായി
കതിരുകൾ കൊയ്യാനായി
നീ വരില്ല എൻ പുഞ്ചക്കാരീ

താനേ തന്നാനേ താനേ തന്നാനേ (2)

പൂപോലെ അഴകുള്ള

പുഞ്ചക്കരയിലെ വാനമ്പാടി പെണ്ണാളേ

കറ്റകൾ കൊയ്യാനായി

കതിരുകൾ കൊയ്യാനായി

നീ വരില്ലേയെൻ പുഞ്ചക്കാരീ

താനേ തന്നാനേ താനേ തന്നാനേ (2)

## നിറമാർന്ന ഭൂമി

ആര്യമോൾ എസ് ആർ

നിറമാർന്ന ഭ്രൂമി സുന്ദരഭ്രൂമി

കാടിൻ സംഗീത നിറമാർന്ന ഭ്രൂമി

രാഗവും രൗദ്രവും,പച്ചയും

കാന്തിയും രാവും പകലും

നിറമാർന്നഭ്രൂമി

ഇന്ന് ഈവാഴ്ത്താം ഈ ഭ്രൂമുയിൽ

നന്മകൽ എന്നും നിലനിൽക്കും

തിന്മകൾ എല്ലാം കുറഞ്ഞീടും

പാടുന്നു പുഴകൾ പാടുന്നു

നിറമാർന്ന ഭ്രൂമി

## പൂച്ചയും എലിയും

അഞ്ചനരാജ് എസ് ആർ (2 A)

മച്ചിലിരിപ്പൂ എലിയമ്മ

താഴെയിരിപ്പൂ മ്യാവൂ....മ്യാവൂ പൂച്ചമ്മ

തട്ടിൻ മുകളിൽ കയറാനായി

തക്കം നോക്കിയിരിക്കുന്നു പൂച്ചമ്മ

ഒറ്റച്ചാട്ടം പൂച്ചമ്മ

ഒറ്റയൊരോട്ടം എലിയമ്മ

# പ്രതീക്ഷ

ഷെഫിൻ (4A)

വിടരുമി പൂവിനും സ്വപ്നമുണ്ടാകാം

വാടാതെ നിൽക്കുവാൻ മോഹമുണ്ടാകാം

തകരുന്ന ചിന്തകൾ വളമാക്കി വളരുക

തകരാതെ മനസ്സിനെ കാവലാക്കുക

പാഠം പഠിക്കുന്നി തളരാതിരിക്കുവാൻ

പിന്നെയും പിന്നെയും പോരാടുവാൻ

മോഹങ്ങൾ പലതും പകർന്നാടുവാൻ

അമ്മയായ് നന്മയുടെ തിരിനാളമാകുവാൻ

നാളയുടെ മനസ്സിന് മുത്തശ്ശിയാകുവാൻ

ഒടുവിൽ മണ്ണിൽ ചാരമായലിയുമ്പോൾ

ഓർത്തു കരയുവാനൊരു ഭ്രമരത്തെ കാക്കുക

# എന്റെ വെള്ളായണി കായൽ

വെള്ളായണി കായലിലെ കുഞ്ഞോളങ്ങൾ

തഴുകുമീ മാതള പൂവാണുനീ

മനോഹരമാം കായൽ തീരം കാണുവാൻ

എത്ര സുന്ദരം പോൽ നിൻ മുഖം

ആരാണ് നീ യെൻ മോഹിനി

കായൽ റാണിയോയെൻ കാവ്യമോഹിനിയോ

മന്ദസ്മിതങ്ങൾ തഴുകുമീ കുഞ്ഞോളങ്ങൾക്ക്

അരികിലായി നീ നിന്നപ്പോൾ

സൂര്യന്റെ ആയിരം കിരണങ്ങൾ

നിൻ മന്ദമാരുതിയിൽ പതിയുമ്പോൾ

നീയെത്ര സുന്ദരം ദേവതേ എത്ര സുന്ദരം

ആരിലും  കാണാത്ത  സ്നേഹസ്പർശനം

തഴുകുമീ വെള്ളായണി കായൽ കുഞ്ഞോളങ്ങൾ

## പഴപ്പാട്ട്

അഭിജിത്ത്. ബി (2A)

മാങ്ങ നല്ല മാങ്ങ
എന്തു നല്ല മാങ്ങ
എന്റെ സ്വന്തം മാങ്ങ
ചക്ക നല്ല ചക്ക
എന്തു നല്ല ചക്ക
എന്റെ സ്വന്തം ചക്ക
പഴം നല്ല പഴം
എന്തു നല്ല പഴം
എന്റെ സ്വന്ത പഴം
മുന്തിരി  നല്ല മുന്തിരി
എന്തു നല്ല മുന്തിരി
എന്റെ സ്വന്തം മുന്തിരി
ആപ്പിൾ  നല്ല ആപ്പിൾ
എന്തു നല്ല ആപ്പിൾ
എന്റെ സ്വന്തം ആപ്പിൾ
ഓറഞ്ച് നല്ല ഓറഞ്ച്
എന്തു നല്ല ഓറഞ്ച്
എന്റെ  സ്വന്തം ഓറഞ്ച്

# മരം

ആനന്ദ്.എം (1)

മരം മരം പൂമരം

മരം മരം പൂമരം

വീട്ടിലുണ്ട് പൂമരം

റോഡിലുണ്ട് പൂമരം

മരം മരം പൂമരം

നാട്ടിലുണ്ട് പൂമരം

കാട്ടിലുണ്ട് പൂമരം

മരം മരം പൂമരം

വരം വരം പൂമരം

# മഴവിൽ

അനഘ എ.വി.
6 A

അമ്മേ അമ്മേ നോക്കമെ മുറ്റത്തൊരു മഴവിൽ
അമ്മേ അമ്മേ നോക്കമേ ഏഴു നിറങ്ങളിൽ വീശിടുന്നു
അമ്മേ അമ്മേ നോക്കമേ ഈ മഴവിൽ നമ്മുടെ
ഭ്രുമിയിൽ ഏഴു  നിറങ്ങളിൽ  തിളങ്ങുന്നു
അമ്മേ അമ്മേ നോക്കമേ ഏഴു പടിക്കളെ പോലുണ്ട്
ഹാ! അമ്മേ ഇത് എന്തൊരു ഭംഗി!







# നന്ദി